# അനുഭവത്തിന്റെ ഒരു പുതിയ ഭൂഖണ്ഡം പ്രവാസജീവിതം മലയാള കവിതയിലേക്ക് കൊണ്ടുവന്നിട്ടുണ്ടോ..? ഒരു അന്വേഷണം

**ബിന്ദു ആർ എസ്.**

ജനിച്ച നാടും വീടും വിട്ട് ഉപജീവനത്തിനായി അന്യദേശങ്ങളിലേക്ക് ചേക്കേറേണ്ടി വന്ന ഒരു ജനതയുടെ അതിജീവനത്തിന്റെ ചരിത്രമാണ് ആധുനികകേരളത്തിന്റെ ചരിത്രം. അതുകൊണ്ടുതന്നെ 'പ്രവാസം' എന്ന വാക്ക് മലയാളിയുടെ ബോധമണ്ഡലത്തിൽ കേവലം ഒരു ഭൂപ്രദേശത്തുനിന്ന് മറ്റൊന്നിലേക്കുള്ള ശാരീരികമായ മാറ്റത്തെ മാത്രമല്ല, ഒരു ജനതയുടെ സാമ്പത്തികവും മാനസികവും സാംസ്കാരികവുമായ അവസ്ഥാന്തരത്തെക്കൂടി ഉന്നം വെക്കുന്ന ഒന്നാണ്. ഈ സവിശേഷമായ പ്രവാസ ജീവിതാനുഭവങ്ങൾ മലയാള സാഹിത്യത്തിൽ പ്രവാസിസാഹിത്യം എന്നു. ഒരു വിശേഷ മണ്ഡലത്തെത്തന്നെ സൃഷ്ടിച്ചു. നവമാധ്യമങ്ങളുടെ വരവോടെ അത് മുഖ്യധാരയായിത്തീരുകയും ചെയ്തിട്ടുണ്ട്.

മലയാളിയുടെ ലോകസഞ്ചാരങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും, ആധുനിക കാലഘട്ടത്തിലെ പ്രവാസം അതിന്റെ വ്യാപ്തികൊണ്ടും സ്വഭാവംകൊണ്ടും വ്യത്യസ്തമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കും, പിന്നീട് ഇന്ത്യയിലെ മഹാനഗരങ്ങളിലേക്കും, എഴുപതുകളിലെ എണ്ണപ്പണത്തിന്റെ കുതിച്ചുചാട്ടത്തോടെ ഗൾഫ് രാജ്യങ്ങളിലേക്കും, തുടർന്ന് യൂറോപ്പിലേക്കും അമേരിക്കയിലേക്കും നടന്ന കുടിയേറ്റങ്ങൾ കേരളത്തിന്റെ സാമൂഹിക ഭൂപടത്തെത്തന്നെ സമൂലം മാറ്റിപ്പണിതു. നാടുവാഴിത്ത ജാതിശ്രേണീകൃത പരമ്പരാഗത സമൂഹത്തെ ഘടനാപരമായിത്തന്നെ പൊളിച്ചെഴുതിയത് ഗൾഫിലേക്കും മറ്റും നടന്ന സാമ്പത്തിക അഭയാർത്ഥിത്വമാണ്. കേരള മോഡൽ പോലുള്ള വാഴ്ത്തപ്പെട്ട വികസന തന്ത്രങ്ങൾ മുരടിച്ചപ്പോഴും അതിനു സാമ്പത്തിക പിൻബലമായത് ഈ കുടിയേറ്റമാണ്.

പ്രവാസി സാഹിത്യം മലയാളിയുടെ പലായനങ്ങളുടെയും അതിജീവനത്തിന്റെയും കഥകൾ രേഖപ്പെടുത്തുക മാത്രമല്ല, മലയാള സാഹിത്യത്തിന്റെ ഭാവുകത്വത്തെ

നവീകരിക്കുന്നതിലും അതിന്റെ പ്രമേയപരമായ അതിരുകൾ പ്രാദേശികമായ ചുറ്റുപാടുകളിൽ നിന്ന് ആഗോള യാഥാർത്ഥ്യങ്ങളിലേക്ക് വികസിപ്പിക്കുന്നതിലും നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ആദ്യകാല രചനകളിലെ ഗൃഹാതുരത്വത്തിൽ നിന്ന് പുതിയ ലോകത്തെ ജീവിതാനുഭവങ്ങളിലേക്കും, വൈലോപ്പിള്ളിയുടെ കവിതയിലെ 'പരിഷ'യിൽ നിന്ന് ആധുനിക മാധ്യമങ്ങളിലെ ആത്മവിശ്വാസമുള്ള 'പ്രവാസി'യിലേക്കുമുള്ള മാറ്റം ഈ പരിണാമത്തിന്റെ കാതലാണ്. പ്രവാസിയുടെ അനുഭവലോകം മലയാള സാഹിത്യത്തിന് പുതിയ ഭൂമികകളും മനുഷ്യാവസ്ഥകളും നൽകി, അതുവഴി നമ്മുടെ സാഹിത്യ സംവേദനങ്ങളെ കീഴ്മേൽ മറിക്കുകയും പുതിയൊരു ഭാവുകത്വത്തിന് രൂപം നൽകുകയും ചെയ്തു.

മലയാളിയുടെ കുടിയേറ്റ ചരിത്രത്തെ വിവിധ ഘട്ടങ്ങളായി തിരിച്ച് വിശകലനം ചെയ്യുമ്പോൾ, പ്രവാസം എന്ന പ്രതിഭാസം ഏകശിലാത്മകമല്ല, മറിച്ച് വ്യത്യസ്ത കാലങ്ങളിലും ദേശങ്ങളിലും നടന്ന, സാമൂഹിക-സാമ്പത്തിക കാരണങ്ങളാൽ വേറിട്ടുനിൽക്കുന്ന ഒന്നിലധികം പ്രവാഹങ്ങളുടെ ആകെത്തുകയാണ് എന്ന് വ്യക്തമാകും. ഈ വൈവിധ്യമാണ് പ്രവാസി സാഹിത്യത്തിന്റെ പ്രമേയപരമായ സമ്പന്നതയ്ക്ക് അടിസ്ഥാനം.

സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, തൊഴിലിനും വിദ്യാഭ്യാസത്തിനുമായി മലയാളികൾ ഇന്ത്യയിലെ മറ്റ് മെട്രോ നഗരങ്ങളിലേക്ക്, പ്രത്യേകിച്ച് ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ എന്നിവിടങ്ങളിലേക്ക് വലിയ തോതിൽ കുടിയേറി. ഇതിൽ ഡൽഹിയിലേക്കുള്ള പ്രവാസം മലയാള സാഹിത്യത്തിൽ പ്രത്യേകിച്ച് ഫിക്ഷനിൽ ആധുനികതാവാദത്തിന്റെ ഒരു പുതിയ ഘട്ടം തന്നെ സൃഷ്ടിച്ചു. നവോത്ഥാനത്തിന്റെ പരശോഭകളൊക്കെ മങ്ങിത്തുടങ്ങിയ, സാമ്പത്തികവും സാമൂഹ്യവും പ്രത്യയശാസ്ത്രപരവുമായ വലിയ പ്രതിസന്ധികളുടെകൂടി കാലഘട്ടമായിരുന്നു അത്. മാധവിക്കുട്ടി, വി. കെ. എൻ, എം. മുകുന്ദൻ, ആനന്ദ്, ഒ. വി. വിജയൻ, സച്ചിദാനന്ദൻ,എം.

പി. നാരായണപിള്ള, ഓംചേരി, സക്കറിയ, തുടങ്ങിയ പ്രതിഭകളുടെ സാന്നിധ്യം ഡൽഹിയെ മലയാള സാഹിത്യത്തിന്റെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റി. ആ രചനകളിൽ നഗര ജീവിതം, അന്യവൽക്കരണം (alienation), അസ്തിത്വ സംഘർഷങ്ങൾ (existential conflicts), വ്യക്തിയും സമൂഹവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ എന്നിവയൊക്കെ പ്രമേയമാക്കപ്പെട്ടു. എം. ടിയും മറ്റും സൃഷ്ടിച്ച ഗ്രാമീണപശ്ചാത്തലത്തിൽ നിന്ന് മലയാള കഥാസാഹിത്യത്തെ ആധുനിക മനുഷ്യന്റെ സങ്കീർണ്ണമായ ആന്തരിക ലോകത്തിലേക്ക് പറിച്ചുനട്ടത് ഈ 'ഡൽഹി എഴുത്തു'കാരായിരുന്നു. പ്രവാസ എഴുത്ത് മലയാളത്തിന്റെ മുഖ്യാധാരാസാഹിത്യമാകുന്ന ഘട്ടം ഇതാണ്.

1970-കളിൽ ഗൾഫ് രാജ്യങ്ങളിലുണ്ടായ എണ്ണ സമ്പത്തിന്റെ കുതിച്ചുചാട്ടം മലയാളിയുടെ പ്രവാസ ചരിത്രത്തിലെ നിർണ്ണായകമായ വഴിത്തിരിവായിരുന്നു. ലക്ഷക്കണക്കിന് മലയാളികളാണ് തൊഴിൽ തേടി അറേബ്യൻ രാജ്യങ്ങളിലേക്ക് ഒഴുകിയത്. ഈ കുടിയേറ്റം കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ വലിയ പരിവർത്തനങ്ങൾക്ക് കാരണമായി[3]. ഡൽഹിയിലേക്കുള്ള കുടിയേറ്റത്തിൽ നിന്ന് ഗൾഫ് പ്രവാസത്തിനുള്ള പ്രധാന വ്യത്യാസം അതിന്റെ സാമൂഹിക ഘടനയിലായിരുന്നു. ഡൽഹിയിലേക്ക് പോയവരിൽ ഭൂരിഭാഗവും ഉപരി മധ്യവർഗക്കാരായ അഭ്യസ്തവിദ്യരും പ്രൊഫഷണലുകളുമായിരുന്നെങ്കിൽ, ഗൾഫിലേക്ക് പോയവരിൽ വലിയൊരു വിഭാഗം സാധാരണ തൊഴിലാളികളും പാർശ്വവത്കൃതസമൂഹത്തിൽനിന്നുള്ളവരുമായ അടിത്തട്ടിൽപെട്ടവരായിരുന്നു. അതുകൊണ്ടുതന്നെ, ഗൾഫ് പ്രവാസ സാഹിത്യത്തിലെ പ്രമേയപരിസരങ്ങൾ ആധുനികതാവാദ ദാർശനിക വ്യഥകളിൽ നിന്ന് അതിജീവനത്തിനായുള്ള കഠിനമായ ജീവിത സംഘർഷങ്ങളിലേക്കും കടുത്ത ഗൃഹാതുരതകളിലേക്കും മാറി.

ഗൾഫ് പ്രവാസിയുടെ വിരഹവും വേദനയും ആദ്യമായി ജനകീയമായി അടയാളപ്പെടുത്തപ്പെട്ടത് 'കത്തുപാട്ടുകളി'ലാണ്. "എത്രയും ബഹുമാനപ്പെട്ട എന്റെ പ്രിയ ഭർത്താവ് വായിക്കുവാൻ..." എന്ന പാട്ട് നാട്ടിലിരിക്കുന്ന ഭാര്യയുടെയും മരുഭൂമിയിൽ

കഴിയുന്ന ഭർത്താവിന്റെയും വേദനയുടെ പ്രതീകമായി മാറി. ഗൾഫ് ജീവിതത്തെ ഗൗരവമായ ഒരു സാഹിത്യ വിഷയമായി മുഖ്യധാരയിലേക്ക് കൊണ്ടുവന്നത് ബാബു ഭരദ്വാജിന്റെ 'പ്രവാസിയുടെ കുറിപ്പുകളാണ്' ടി. വി. കൊച്ചുബാവ, മേതിൽ രാധാകൃഷ്ണൻ, കരുണാകരൻ തുടങ്ങിയ പ്രമുഖ എഴുത്തുകാർ ഗൾഫിൽ ജീവിച്ചിരുന്നിട്ടും അവരുടെ എഴുത്തിൽ ഗൾഫ് കാര്യമായി കടന്നുവന്നില്ല എന്ന വസ്തുതയും ശ്രദ്ധേയമാണ്

ഇതോടൊപ്പം രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം യൂറോപ്പിലേക്കും അമേരിക്കൻ ഐക്യനാടുകളിലേക്കും മലയാളികളുടെ കുടിയേറ്റം ആരംഭിക്കുന്നുണ്ട്. ഗൾഫ് കുടിയേറ്റത്തിൽ നിന്ന് വ്യത്യസ്തമായി, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും പ്രൊഫഷണൽ വൈദഗ്ധ്യവുമുള്ളവരായിരുന്നു പാശ്ചാത്യ രാജ്യങ്ങളിലേക്ക് കുടിയേറിയവരിൽ ഭൂരിഭാഗവും. ഇവരുടെ സാഹിത്യത്തിലെ പ്രമേയങ്ങളും വ്യത്യസ്തമായിരുന്നു. ഗൃഹാതുരത്വം ഒരു പ്രധാന വിഷയമായിരുന്നെങ്കിലും, സാംസ്കാരിക സ്വാംശീകരണം (cultural assimilation), ഒന്നാം തലമുറയും രണ്ടാം തലമുറയും തമ്മിലുള്ള സാംസ്കാരികവും ആശയപരവുമായ സംഘർഷങ്ങൾ, പുതിയ ലോകത്തിന്റെ സ്വത്വ പ്രതിസന്ധി (identity crisis), വർണ്ണവിവേചനം തുടങ്ങിയ വിഷയങ്ങളാണ് മൂന്നാം ലോകത്തിന്റെ പാശ്ചാത്യ പ്രവാസി സാഹിത്യത്തിൽ കൂടുതലായി ഇടംപിടിച്ചത്..

നാടുവിട്ട് പോകുന്നവരെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ വന്ന മാറ്റം സാഹിത്യത്തിൽ കൃത്യമായി പ്രതിഫലിച്ചിട്ടുണ്ട്. 1941-ൽ വൈലോപ്പിള്ളി എഴുതിയ 'ആസാം പണിക്കാർ' എന്ന കവിതയിൽ, തൊഴിൽ തേടി അന്യനാട്ടിലേക്ക് പോകുന്നവർ സ്വയം വിശേഷിപ്പിക്കുന്നത് 'പരിഷകൾ' എന്നാണ്. അത് അക്കാലത്ത് നാടുവിടുന്നവരോടുള്ള സമൂഹത്തിന്റെ മനോഭാവത്തെയാണ് വെളിവാക്കുന്നത്. എന്നാൽ, എഴുപതുകളിലെ ഗൾഫ് കുടിയേറ്റം ഈ സമവാക്യത്തെ മാറ്റിമറിച്ചു. 2000 ഡിസംബറിൽ ബാബു ഭരദ്വാജിന്റെ 'പ്രവാസിയുടെ കുറിപ്പുകൾ' എന്ന പുസ്തകം പുറത്തിറങ്ങുകയും, അതോടൊപ്പം മലയാള പത്രങ്ങൾ ഗൾഫ് എഡിഷനുകൾ ആരംഭിക്കുകയും ചെയ്തതോടെ 'പ്രവാസി' എന്ന പദം ഉറപ്പിക്കപ്പെട്ടു. 'പരിഷ' എന്ന നിസ്സാരതയിൽ നിന്ന് 'പ്രവാസി'

എന്ന ആദരവിലേക്കുള്ള ഈ മാറ്റം കേവലം ഒരു പദമാറ്റമല്ല, മറിച്ച് ഒരു സാമൂഹിക പദവിയുടെതന്നെ പരിണാമമാണ്.

ആദ്യകാല ഗൃഹാതുര എഴുത്തുകളിൽനിന്നുമാറി തങ്ങളുടെ കുടിയേറ്റസ്ഥലത്തെ ജീവലോകത്തിന്റെ എഴുത്തിലേക്കുള്ള മാറ്റം കൂടി ഈ ഘട്ടത്തിൽ പ്രവാസിസാഹിത്യത്തിനു സംഭവിക്കുന്നുണ്ട്. അനുഭവങ്ങളുടെ ഒരു പുതിയ ഭൂഖണ്ഡം മലയാളിക്ക് പരിചയപ്പെടുത്തുന്ന ഒരു പുതിയ സാഹിത്യശാഖയായിത്തന്നെ പ്രവാസ എഴുത്ത് മാറുന്നത് ഇങ്ങനെയാണ്. ഗൾഫ് പ്രവാസി സാഹിത്യത്തിന്റെ ചരിത്രത്തെ 'ആടുജീവിതത്തിന് മുൻപും പിൻപും' എന്ന് വിഭജിക്കാൻ കഴിയുന്ന തരത്തിൽ നിർണ്ണായകമായ കൃതിയായി 2008-ൽ പുറത്തിറങ്ങിയ ബെന്യാമിന്റെ 'ആടുജീവിതം' മാറിയതോടെ പ്രവാസി എഴുത്ത് മുഖ്യധാരയുടെ കേന്ദ്രത്തിലേക്ക് വീണ്ടും പ്രതിഷ്ഠിക്കപ്പെട്ടു.

പ്രവാസി സാഹിത്യത്തിന്റെ വളർച്ചയിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. മലയാള പത്രങ്ങൾ ഗൾഫ് എഡിഷനുകൾ ആരംഭിച്ചത് പ്രവാസി എഴുത്തുകാർക്ക് അവരുടെ രചനകൾ പ്രസിദ്ധീകരിക്കാൻ വിപുലമായ ഇടം നൽകി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്റർനെറ്റിന്റെയും ബ്ലോഗിംഗിന്റെയും വരവ് പ്രവാസി എഴുത്തിൽ വിപ്ലവം സൃഷ്ടിച്ചു. പ്രധാനമായും ഗൾഫ് പ്രവാസികളുടെ മുൻകൈയിൽ മലയാളം ബ്ലോഗിംഗ് ഒരു വലിയ കൂട്ടായ്മയായി വളർന്നു. ഇന്റർനെറ്റിനനുയോജ്യമായ രീതിയിൽ മലയാളഭഷാസങ്കേതികതയെത്തന്നെ രൂപപ്പെടുത്തിയത് പ്രവാസി മലയാളികളായിരുന്നു എന്നത് ഒരു വലിയ ചരിത്രസംഭവമായി അടയാളപ്പെടുത്തേണ്ടതുണ്ട്. മലയാളഭാഷാസൂത്രണത്തിൽ പ്രവാസി മലയാളികൾ നടത്തിയ ആദ്യ ഇടപെടലും അതായിരുന്നു. മുഖ്യധാരാ പ്രസാധകരുടെ അംഗീകാരത്തിനായി കാത്തുനിൽക്കാതെ, ആർക്കും സ്വന്തം രചനകൾ പ്രസിദ്ധീകരിക്കാനും ലോകമെമ്പാടുമുള്ള വായനക്കാരുമായി സംവദിക്കാനും ബ്ലോഗുകൾ

അവസരമൊരുക്കി. ഈ സാങ്കേതികവിദ്യയുടെ ജനാധിപത്യവൽക്കരണം, മലയാള സാഹിത്യത്തിലെ പരമ്പരാഗത അധികാര കേന്ദ്രങ്ങളെ അട്ടിമറിച്ചു.

ഗൾഫ് ജീവിതത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മലയാള കവിതയെയും ചലിപ്പിച്ചിട്ടുണ്ട്. ഒരു പുതിയ കാവ്യഭാഷയും സംവേദനക്ഷമതയും രൂപപ്പെടുത്തി[78]. ഗൾഫിലെ 'ഇൻഡോർ' ജീവിതം മലയാള കവിതയിൽ 'ബിംബങ്ങളുടെ സ്ഥാനാന്തര'ത്തിന് (Displacement of Imagery) കാരണമായിട്ടുണ്ട്. കേരളീയ കാവ്യാവബോധത്തിലെ തെങ്ങിനും പുഴയ്ക്കും പകരം, പ്രവാസിയുടെ ദൈനംദിന ജീവിതത്തിലെ വസ്തുക്കളൊക്കെ കാവ്യഭാഷയിൽ ഇടം പിടിച്ചു.

ഈ പശ്ചാത്തലത്തിലാണ് പുതുകവിതയുടെ 25 വർഷങ്ങൾ എന്ന വിഷയത്തിലൂന്നി 2016 ഏപ്രിൽ 2,3 തിയ്യതികളിൽ പട്ടാമ്പി കോളേജ് മലയാളവിഭാഗം സംഘടിപ്പിച്ച കവിതയുടെ കാർണിവലിൽ 'അനുഭവത്തിന്റെ ഒരു പുതിയ ഭൂഖണ്ഡം പ്രവാസജീവിതം മലയാള കവിതയിലേക്ക് കൊണ്ടുവന്നിട്ടുണ്ടോ..?' എന്ന പ്രശ്നം സംവാദവിഷയമാകുന്നത്. ഈ ചർച്ചയിലുയർന്ന വിവിധ നിരീക്ഷണങ്ങളെ ഒന്ന് താരതമ്യവിശകലനം ചെയ്തുനോക്കാം.

**നിരീക്ഷണങ്ങൾ**

മലയാളപ്രവാസകവിത സൃഷ്ടിച്ച പുതിയ അനുഭവഖണ്ഡങ്ങളെക്കുറിച്ച് സജയ് കെ. വി. ആമുഖമായി മുന്നോട്ടുവെച്ച നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. "പ്രവാസം എന്നതിന്റെ ഏറ്റവും ലളിതമായ അർത്ഥം, ഒരാൾ തന്റെ ദേശം വിട്ടുപോകുകയെന്നതാണ്. ഒരാൾ തന്റെ സ്വന്തം ദേശം വിട്ടുപോയി മറ്റൊരു ദേശത്തു നിന്നുകൊണ്ട് ദൂരദർശനത്താൽ കൂടുതൽ ബൃഹദാകാരമായി മാറിയ സ്വന്തം ദേശത്തെ നോക്കികാണലും എഴുതലുമാണ് പ്രവാസാവിഷ്കാരം. മലയാള കവിതയുടെ ചരിത്രം പരിശോധിച്ചാൽ ദേശപ്പലമയുടെ അനുഭവം-പലദേശങ്ങളുടെ അനുഭവം -അന്യദേശത്തിൽ നിന്നുള്ള അനുഭവം മലയാള കവിതയിലേക്ക് കൊണ്ടുവന്ന ആദ്യത്തെ കവി കുമാരനാശാനാണ്. നല്ല ഹൈമവത ഭൂമി

തൊട്ട് ഏകാന്ത വിജനമായ മരുഭൂമിയുടെ അനുഭവം വരെ ആശാൻ മലയാള കവിതയിലേക്ക് കൊണ്ടുവന്നു. പ്രാവാസ ജീവിതാനുഭവം എന്നു പറയാനാവില്ലെങ്കിലും മലയാളത്തിലെ ആദ്യത്തെ പ്രവാസിയായ കവി കുമാരനാശാനായിരുന്നു എന്നുതന്നെ പറയാം. 'പ്രവാസജീവിതകാലത്തെ നാട്ടിലെ ഓർമ്മകൾ' എന്ന പേരിൽ കുമാരനാശാൻ ഒരു കവിത തന്നെ എഴുതിയിട്ടുണ്ട്. കഠിന സംസ്കൃത പദനിബിഡമായ ഭാഷയിൽ സംസ്കൃതവൃത്തത്തിൽ എഴുതപ്പെട്ട നാലോ അഞ്ചോ ശ്ലോകങ്ങൾ കൊണ്ട് തീർത്ത ഒന്നാണ് ആ കവിത. ആശാൻ ബംഗാളിലും മറ്റും വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾക്ക് വേണ്ടി പ്രവാസജീവിതം നയിച്ചിരുന്നു.അക്കാലത്ത് എഴുതപ്പെട്ടതാണ് ആ കവിത. ആ തലക്കെട്ട് തന്നെ സ്വയം വിശാദീകരിക്കുന്നുണ്ട്. സുഹൃത്തിനെഴുതിയ കത്തിന്റെ രൂപത്തിലുള്ള ഈ കവിതയിൽ വീടിന്റെ തെക്കേപുറത്തുനിന്നിരുന്ന ഏഴിലംപാലപൂത്തുവോ ? തേക്കേവയൽ വിളഞ്ഞുവോ? തുടങ്ങി ഏറ്റവും സൂക്ഷ്മവും എറ്റവും അടുത്തുനിന്നാൽ കാണപ്പെടുന്നവയെ ആണ് ഈ കവിതയിലൂടെ ആശാൻ കാണിച്ചുതരുന്നത്. പ്രവാസിയുടെ ലോകത്തുനിന്നുകൊണ്ട് എങ്ങനെയാണ് ലോകത്തെ നോക്കിക്കാണുന്നത്, അപ്പോൾ അകലം എങ്ങനെയാണ് അടുപ്പമായി മാറുന്നത്, താൻ വിട്ടുപിരിഞ്ഞ നാടിനും നാടിന്റെ ഓർമ്മകൾക്കും എങ്ങനെയാണ് അപാരമായ വ്യക്തതയും സൗന്ദര്യവും കൈവരുന്നത് എന്ന് മലയാളിയെ അനുഭവിപ്പിച്ച ആദ്യത്തെ കവിതയാണ് 'പ്രവാസജീവിതകാലത്തെ നാട്ടിലെ ഓർമ്മകൾ'."

കവിതയിലെ പ്രവാസ എഴുത്തിന്റെ രണ്ടാം ഖണ്ഡം ആരംഭിക്കുന്നത വൈലോപ്പിള്ളിയിലാണെന്ന് സജയ് പറയുന്നു.

"പിന്നീട്, 'ഗൾഫ് സ്റ്റേറ്റുകളോട്'-ഉം 'കേരളത്തിലെ യഹൂദർ ഇസ്രായേലിലേക്ക്'-ഉം എഴുതിയ സർവ്വോപരി 'ആസ്സാം പണിക്കാർ' എന്ന പ്രവാസിയുടെ ആത്മഗാനം എഴുതിയ വൈലോപ്പിള്ളിയാണ് മലയാളകവിതയിൽ ഈ പ്രമേയത്തെ സ്പഷ്ടമായി ആവിഷ്കരിച്ചത്.എന്താണ് ഗൾഫിലെ പ്രവാസം എന്നതിന്റെ പൂർണ നിർവചനമാണ് 'ഗൾഫ് സ്റ്റേറ്റുകളോട്' എന്ന കവിത. ഗൾഫിലെ ഒരു

പ്രവാസിയുടെ ജീവിതം കേരളീയജീവിതത്തിനെങ്ങനെ ഉപകരിക്കുന്നു, ആ പ്രവാസിയെ കേരളീയർ വലിയ അവഗണന കൊണ്ട് എങ്ങനെ സത്കരിക്കുന്നു എന്നൊക്കെ പറഞ്ഞുതരുന്ന ഒരു കവിതയാണത്.ഗൾഫ് കുടിയേറ്റം എന്നത് മലയാളിയുടെ ശീലമോ സ്വഭാവമോ ആയി മാറുന്നതിനു മുമ്പ് എഴുതിയ ഒരു കവിതയുടെ തലക്കെട്ടാണിത്. അതുപോലെ 'കേരളത്തിലെ യഹൂദർ ഇസ്രായേലിലേക്ക് ' എന്ന കവിത ഇസ്രായേലിലേക്ക് മടങ്ങുന്ന യഹൂദർക്ക് ആശംസകളർപ്പിക്കുന്ന രചനയാണ്.എല്ലാ മനുഷ്യരും ഒരിക്കൽ അവരുടെ സ്വദേശത്തേക്ക് തിരിച്ചെത്തണമെന്നും ആ സ്വദേശം എന്നു പറയുന്നത് ഒരു പൊതുദേശമാണെന്നും മനുഷ്യന്റെ മാതൃഭൂമി എന്നത് ഒന്നാണെന്നുമൊക്കെയുള്ള മാനവികതയുടെ വലിയൊരു ദർശനത്തെ ആവിഷ്കരിക്കുന്ന കവിതയാണിത്..ഇതെല്ലാമാണ് മലയാളത്തിലെ പ്രവാസാനുഭവ ആവിഷ്കാരങ്ങളുടെ ഒരു പശ്ചാത്തലം."

പിന്നീട് കക്കാടിനെ പോലുള്ള കവികൾ കോഴിക്കോട് വന്നുനിന്ന് പ്രവാസിയുടെ ദുഃഖം അനുഭവിക്കുന്നതിന്റെ ആവിഷ്കാരങ്ങൾ നമുക്കറിയാം. കക്കാട് കോഴിക്കോട് എത്തിയപ്പോൾ അദ്ദേഹത്തിനു വലിയ പ്രവാസാനുഭവമുണ്ടായതായി അദ്ദേഹത്തിന്റെ കവിതകൾ പറയുന്നു. നമുക്ക് വേണമെങ്കിൽ ഇത് മുഖവിലക്കെടുക്കാം, എടുക്കാതിരിക്കാം. 80കളിലാണ് ഗൾഫ് പ്രവാസം മലയാളത്തിന്റെ ഭാഗമായി വരുന്നത്. അതിനുശേഷം, 90കളിൽ എഴുതപ്പെട്ട കവിതകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അക്കൂട്ടത്തിൽ നിരഞ്ജന്റെ കവിതകളുണ്ട്. സഞ്ചാര സാഹിത്യകാരനായ വി. മുസഫർ അഹമ്മദിന്റെ കവിതകളുണ്ട്. കുഴൂർ വിത്സന്റെ കവിതകളിലെല്ലാം പ്രവാസം അതിന്റെ വിഭിന്ന ഭാവങ്ങളിൽ ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. "തടാകത്തിൽ കാണുന്ന ഈന്തപ്പന നിഴല്പോലെ ഈ കവിതകൾ" എന്നാണ് കുഴൂർ വിത്സന്റെ സമാഹാരത്തിന് മേതിൽ അവതാരിക എഴുതിയത്.

ദേശത്തിനു പുറത്തുനിന്ന് ദേശത്തെ കാണുമ്പോൾ, മലയാളത്തിനു പുറത്തുള്ള ഭാഷാസാഹചര്യത്തിൽ ജീവിച്ചുകൊണ്ട് മലയാളത്തിൽ കവിതകളെഴുതുമ്പോഴുള്ള

അനുഭവമെന്താണ് എന്ന്പരിശോധിക്കുകയാണ് പ്രധാനമെന്ന് സജയ് പറയുന്നു. “കുറച്ചുകൂടി ശക്തമായി മലയാള ചെറുകഥയിലും നോവലിലും ഇതുകാണാം. കവിതയിൽ അത്ര തീവ്രമായിട്ടല്ലെങ്കിലും അത്തരം ആവിഷ്കാരങ്ങൾ മലയാള കവിതയിൽ ഉണ്ടെന്നതു യഥാർത്ഥ്യമാണ്.”

പ്രവാസകവിതയ്ക്ക് മലയാളകാവ്യലോകത്ത് വിലാസമുണ്ടാക്കിക്കൊടുത്ത കവി കുഴൂർ വിൽസൺ ഇതിനെ അനുഭവനിഷ്ഠമായാണ് വിലയിരുത്തുന്നത്. “കഴിഞ്ഞ കുറേകാലമായി മലയാള സാഹിത്യവുമായി പരിചയിച്ചും പിണങ്ങിയും സ്നേഹിച്ചും ഒറ്റപ്പെട്ടും ഞാൻ കൊണ്ടുനടന്ന പ്രവാസാനുഭവം എന്ന എന്റെ സ്വകാര്യത്തിന്, ബെന്യാമിന്റെ ആടുജീവിതം, അത് അനുഭവിച്ച നജീബിനു നൽകി പ്രകാശനം ചെയ്തപ്പോൾ ഉണ്ടായ ആഹ്ലാദം പറഞ്ഞറിയിക്കാനാവാത്തതാണ്”. ഇരുപത്തിഅയഞ്ചുവർഷം മുമ്പ് ഷാർജ ഇന്ത്യൻ അസോസിയേഷനിൽ വെച്ച് ആറ്റൂർ പറഞ്ഞു: “സ്നേഹത്തിനും കരുതലിനും മണിയോർഡറിനുമൊപ്പം മലയാള കവിതയും കേരളത്തിലേക്ക് കയറ്റി അയക്കപ്പെടുന്ന കാലം വരും” കക്കാടിന്റെ ആ നിരീക്ഷണങ്ങൾ സാർത്ഥകമായി എന്ന് കുഴൂർ വിലയിരുത്തുന്നു.

പുതുകവിതയുടെ വരവ് ഇതിന്റെ ചരിത്രപരമായ ഒരു കാവ്യസന്ദർഭമാണെന്നുകൂടി അദ്ദേഹം വാദിക്കുന്നു.” 2000- ന്റെ ഉടക്കത്തിൽ മലയാളം നഷ്ടപ്പെട്ടു, മരിച്ചു എന്നൊക്കെ അധ്യാപകരും മറ്റും പേടിച്ചിരിക്കുന്ന സമയത്താണ് പുതിയ മാധ്യമങ്ങളിലൂടെ മലയാളം വീണ്ടും സജീവമാകുന്നത്. അതിനു ശേഷമാണ് പി.പി. രാമചന്ദ്രനും പി. രാമനും വീരാൻകുട്ടിയും , എസ്.ജോസഫും  അൻവർ അലിയും എല്ലാം കവിതയിൽ പുതിയ ആവിഷ്കാരങ്ങൾ സാധ്യമാക്കുന്നത്. ഇതുവരെ പറഞ്ഞതല്ല ഞങ്ങൾക്ക് പറയാനുള്ളത്, വേറൊരു ഭാഷയിൽ, വേറൊരു മലയാളത്തിൽ ഞങ്ങൾക്ക് ചിലതു പറയാനുണ്ട് എന്നു ഈ കവികൾ പഠിപ്പിച്ച ഒരു ഭാഷയിൽ കേരളത്തിൽ രണ്ടുകാലിൽ ഊന്നിനിന്നുകൊണ്ട് മാത്രമല്ല പറയാൻ കഴിയുന്നതെന്ന് ഞങ്ങൾ പ്രവാസികൾ വിശ്വസിച്ചു.”

ബെന്യാമിന്റെ ആടുജീവിതം ഒരു മഹത്തായ സാഹിത്യകൃതി അല്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെകൊണ്ടു തന്നെ ആ കൃതിയെ വായിച്ചവരാണ് നാം. സാഹിത്യ ഭാഷയല്ല പ്രധാനം എന്ന് ഒരു നോവലെങ്കിലും രമണനു ശേഷം തെളിയിച്ചു എന്നാണ് ഞാൻ വിചാരിക്കുന്നത്. കേരളത്തെ കഴിഞ്ഞ 35 വർഷത്തിലധികമായി തീറ്റിപോറ്റിയ മോടി- ആഡംബരം അണിയിച്ച ഒരു വലിയ സമൂഹത്തിന്റെ ഏറ്റവും ചെറിയ കവിതയായി ആടുജീവിതത്തെ കാണാം. അതിനേക്കാൾ പതിന്മടങ്ങ് കവിതകൾ- പതിന്മടങ്ങ് ജീവിതങ്ങൾ- അവിടെ ഉണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു."

പ്രവാസാനുഭവങ്ങളെ ഒരു സാഹിത്യശാഖയാക്കി വികസിപ്പിച്ച വി, മുസാഫർ അഹമ്മദ് മുന്നോട്ടുവെച്ച നിരീക്ഷണങ്ങളും ശ്രദ്ധേയമാണ്. 'പ്രവാസിയുടെ കുറിപ്പുകൾ' വരുന്നതുവരെ വെറും കോമാളിയായി മാത്രമായി ചിത്രീകരിക്കപ്പെട്ടവരായിരുന്നു പ്രവാസികൾ. എല്ലാ മനുഷ്യരെയും പോലെ, ഒരു പക്ഷെ എല്ലാ മനുഷ്യരേക്കാളും മജ്ജയും മാംസവുമുള്ളവരാണ് പ്രവാസികൾ എന്ന് മലയാളിയെ അനുഭവിപ്പിച്ച എഴുത്തുകാരനാണ് ബാബു ഭരദ്വാജ്. പ്രവാസികളെന്നു കരുതുന്നവരെ കൂടി തങ്ങളെന്താണെന്ന് മനസ്സിലാക്കികൊടുത്ത കൃതിയാണത്."

മലയാളകവിതയിൽ പ്രവാസാനുഭവം ഉണ്ടോ ഇല്ലയോ എന്നതിനെ കുറിച്ച് ഇവിടെ തർക്കം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് പ്രവാസികളായ മലയാളികൾക്കിടയിൽ നിന്ന് 'അവസാനത്തെ ആകാശത്തിനുമപ്പുറത്തേക്ക് ഈ പറവകൾ എങ്ങോട്ടാണ് പറന്നുപോകുന്നത്''എന്നു പറയുന്ന മമത റിഷിനെപോലെയുള്ള എഴുത്തുകാരെ നമുക്ക് കാണാൻ കഴിയാത്തത്. നമ്മെ സംബന്ധിച്ചിടത്തോളം പൊളിറ്റിക്കൽ എക്സ്ചെയ്ഞ്ച് എന്നുപറയുന്നത് ജോലി തേടി എംപ്ലോയ്മെന്റ് വിസയ്ക്ക് ഗൾഫിൽ പോകുന്ന മലയാളിയുടെ മറുനാടൻ ജീവിതത്തെയാണ്.

നമ്മുടെ കാവ്യചരിത്രത്തിനും പ്രവാസ സാഹിത്യചരിത്രത്തിനും അപരിചിതരായ രണ്ടു പ്രവാസികളുടെ കവിതകളെ ഉദാഹരണമായെടുത്ത് പ്രവാസാനുഭവം വിശകലനം ചെയ്യുകയാണ് മുസാഫർ തുടർന്നു ചെയ്യുന്നത്.

"അതിലൊന്ന് ജോർജ്ജ് പീറ്റർ എന്ന പറയുന്ന ഒരു കവിയാണ്. പ്രവാസ സാഹിത്യം എന്ന നമ്മൾ വിളിക്കുന്ന സാഹിത്യവും നാട്ടിലെ സാഹിത്യമെഴുത്തുപോലെ തന്നെയാണ്.ഒരു മധ്യവർത്തി ജീവിതം നയിക്കുന്നവരാണ് സാഹിത്യകാരന്മാരായി വന്നിട്ടുള്ളത്. അപൂർവ്വം ചിലരെ താഴെക്കിടയിൽ നിന്നും സാഹിത്യകാരന്മാരായി വന്നിട്ടുള്ളൂ. എന്നാൽ ജോർജ്ജ് പീറ്റർ ഒരു അറബിവീട്ടിലെ വേലക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ഒരു കവിതയാണ് അച്ചടിച്ച് വന്നിട്ടുള്ളത്. അവധിയ്ക്ക് നാട്ടിൽ പോകുന്ന ഒരു സുഹൃത്ത് മറ്റൊരു സുഹൃത്തിനോട് എന്താണ് വാങ്ങേണ്ടത് എന്നതിനെ കുറിച്ച് നടത്തുന്ന സംഭാഷണരൂപത്തിലാണ് ഈ കവിത രചിച്ചിട്ടുള്ളത്. എന്താ വങ്ങേണ്ടത് എന്ന ചോദിക്കുമ്പോൾ തീർച്ചയായും വങ്ങേണ്ടത് 'നത്തോലിക്കണ്ണുള്ള ക്യാമറ'യാണ് എന്ന പറയുന്നുണ്ട്. CCTV ക്യാമറ എന്ന പറയുന്നതിന പകരമാണ് ജോർജ്ജ് പീറ്റർ നത്തോലിക്കണ്ണുള്ള ക്യാമറ എന്ന പറയുന്നത്. പുറംനാടുകളിൽ മലയാളി ജീവിക്കുമ്പോഴും പരസ്യമാകാൻ ആഗ്രഹിക്കുന്ന ഒരു ജീവിതം എന്തുമാത്രം രഹസ്യാത്മകമാണെന്ന് വീട്ടിലെ രഹസ്യങ്ങളിലേക്കു നോക്കുന്ന നത്തോലികണ്ണുള്ള ക്യാമറ അടയാളപ്പെടുത്തുന്നു.

ഇതാണ് പ്രവാസി മലയാളിയുടെ ജീവിതം. അത്തരം അനുഭവത്തെ കുറിച്ച് ഇന്നെഴുതുമ്പോൾ വളരെ സ്പഷ്ടമായിപ്പോകുന്നു എന്ന് പറയാറുണ്ട്. അതായത് കുഴൂർ വിത്സനൊക്കെ എഴുതുന്ന, വിവർത്തനം ചെയ്യപ്പോൾ തെങ്ങായിരുന്നത് ഈന്തപ്പനയായി മാറി എന്നിങ്ങനെ തികച്ചും സ്പഷ്ടമായ കവിതകൾ ധാരാളം ഉണ്ടാകുന്നുണ്ട്. ഇന്റെർനെറ്റിന്റെ പ്രാധാന്യം ഇക്കാര്യത്തിൽ എടുത്തുപറയേണ്ടതുണ്ട്. അറബ് നാട്ടിൽ വീട്ടുവേലക്കാരനായി ജീവിക്കുന്ന മലയാളിക്ക് സ്വകര്യത ഉണ്ടാവില്ല,. അതാണ് ജോർജ്ജ് പീറ്റർ ഈ കവിതയിലൂടെ പറയുന്നത്. 2002ലോ 2003ലോ എഴുതപ്പെട്ട ഈ കവിതയിലെ വീട്ടുജോലി ചെയ്യുന്ന രണ്ടുപേരുടെ സംഭാഷണത്തിലൂടെ പുറാത്തേക്ക് വരുന്ന ലോകമാണ് മലയാളിയുടെ യഥാർത്ഥ പ്രവാസാനുഭവം എന്നെനിയ്ക്ക് തോന്നുന്നു. നമ്മൾ പലപ്പോഴായി പറഞ്ഞുകൊണ്ടിരിക്കുന്ന, ഇപ്പോഴും

പറാഞ്ഞുകൊണ്ടിരിക്കുന്ന ചിലകാര്യങ്ങളല്ലാതെ നമുക്കൊരിക്കലും പറായാൻ കഴിയാത്ത, ഒരിക്കലും ആരോടും പങ്കുവെക്കാൻ കഴിയാത്ത കുറേകാര്യങ്ങൾ പങ്കുവെക്കുകയും ആ പങ്കുവെക്കലിന്റെ അവസാനത്തിൽ ആ പങ്കുവെക്കലിനെ പൂർണമായും നിരീക്ഷിച്ചുകൊണ്ട് ഒരു നെത്തോലിക്കണ്ണുള്ള ക്യാമറ വേണം എന്നുപറയുന്ന ജോർജ്ജ് പീറ്ററിന്റെ കവിത ഇന്നത്തെ കവിതയെ പോലും നിർവചിക്കുന്നുണ്ട്."

"ഏറ്റവും പുതിയ കവിതയെ കുറിച്ചു പറയുന്ന പ്രധാന പരാതി അതൊന്നും കവിതയല്ല എന്നതാണ്. ഈ പരാതി പറയുന്നവർ ഒരുകാലത്ത് അല്ലെങ്കിൽ ഇക്കാലത്ത് വലിയതോതിൽ ഔട്ട്ഡോർ ജീവിതം നയിച്ചിട്ടുള്ളവരാണ്. കുഞ്ഞിരാമൻ നായരുടെ കവിതയിലെ ഉറസ്സ് എന്നുപറയുന്നത് അദ്ദേഹം തന്നെ സഞ്ചരിച്ചിട്ടുള്ള ഉറസ്സുകളാണ്. കവിതയെഴുതാനായി ഒരു അടഞ്ഞമുറിക്കകത്ത് ഇരുന്ന ആളല്ല അദ്ദേഹം. കവിതയ്ക്ക് വേണ്ട വിഭവങ്ങൾ തേടി അലഞ്ഞുനടന്ന എഴുത്തുകാരനായിരുന്ന കുഞ്ഞിരാമൻ നായർ. അതുകൊണ്ടാണ് അദ്ദേഹത്തിന് നിളയുടെ തീരത്തിരിക്കുമ്പോൾ നിലാവും ചുണ്ണാമ്പും മാറിപ്പോകുമോ എന്ന തോന്നുന്നത്."

"വീട്ടുജോലിക്കാരനായ പ്രവാസി മലയാളിയുടെ ജീവിതം വലിയ തോതിൽ ഇൻഡോർ ജീവിതമായിത്തീർന്നു. അതായത് വീട്ടുജോലിയ്ക്ക് നിൽക്കുന്ന ഒരാൾക്ക് അവിടെ നിന്നും പുറത്തുപോകാനുള്ള യാതൊരു മാർഗ്ഗവുമില്ല. ഗൾഫിലെ കുട്ടികൾക്ക് ചെറിയക്ലാസുകൾ മുതൽ കണ്ണാടകൾ ആവശ്യമായി വരുന്നു. കാരണം വിദൂരതയിലേക്ക് നോക്കാനുള്ള സാധ്യത അവരെ സംബന്ധിച്ച് ഇല്ല. ഫ്ലാറ്റിലും സ്കൂളിലും അടച്ചിടപ്പെടുന്നവരാണവർ. മലയാളി ഇത്രയുംകാലം അറിയാത്ത ചില നോട്ടങ്ങൾ ഇവയിൽകാണാം.

കയ്യുമ്മക്കുട്ടി എന്ന ഒരെഴുത്തുകാരിയുണ്ട്. അവരും ഗൾഫിലെ ഒരു വീട്ടുജോലിക്കാരിയാണ്. അവർ വീട്ടിനകത്ത് താൻ അരിയുന്ന പച്ചക്കറികളുമായുള്ള സംഭാഷണരൂപത്തിൽ കവിത എഴുതുന്നുണ്ട്. 'തന്റെ ജീവിതത്തിൽ ആദ്യമായി കണ്ട

പച്ചമുളക് ' ഇങ്ങനെ പറഞ്ഞുകൊണ്ട് വളരെ ലളിതമായി വായിച്ചുപോകാവുന്ന ഒരു കവിത. അതൊരു കവയത്രിയുടെ അനുഭവം കൂടിയായി മാറുന്നു. ഇതു കേരളീയമായ അനുഭവമാണ്.

പ്രവാസം ചർച്ചചെയ്യപ്പെടുന്ന കവിതകളെ പോലെ തന്നെയാണ് പ്രാവാസവുമായി ബന്ധപ്പെട്ട കത്തുകളും. അത് ഗൾഫുമായി ബന്ധപ്പെട്ട മലയാളിയുടെ അനുഭവത്തിനകത്ത് നിൽക്കുന്ന സാഹിത്യരൂപം തന്നെയാണ്. പ്രവാസം കടന്നുവരുന്ന കവിതകളെല്ലാം തന്നെ ഒരു തരത്തിൽ കത്തുകളുടെ രൂപത്തിൽ എഴുതപ്പെട്ടവ തന്നെയാണ്. കത്തുകളുടെ രൂപഘടന പ്രവാസസാഹിത്യത്തിൽ വലിയ സ്വാധീനം ചെലുത്തിയതായി പറയാം. അതുപോലെതന്നെയാണ് ഇന്റെർനെറ്റിന്റെ സ്വാധീനം. ഓൺലൈൻ സ്റ്റാറ്റസിന്റെ രൂപത്തിലും ഫെയ്സ്ബുക്ക് പോസ്റ്റുകൾ പോലെയുമുള്ള രണ്ടുവരിയുള്ള പ്രവാസരചനകൾ ധാരാളമായി കണാം. ഇത്തരം സ്റ്റാറ്റസ് രചനകൾ കത്തെഴുത്തിന്റെ രൂപത്തിലുള്ളവയാണ്."

പ്രവാസം വിഷയമാകുന്ന മലയാള കവിത നേരിടുന്ന പ്രധാന പ്രശ്നം പ്രവാസിയുടെ ഇൻഡോർ ഔട്ഡോർ ജീവിതങ്ങൾ തമ്മിലുള്ള സംഘർഷമാണ്.ഒപ്പം അതിന്റെ രൂപത്തെ സംബന്ധിച്ചും. കത്തിന്റെ രൂപത്തിൽ നിന്ന് അതിനു മടങ്ങാൻ കഴിയുമ്പോഴാകും പ്രവാസി കവിതയ്ക്ക് അതിന്റെ സ്വത്വത്തെ വീണ്ടെടുക്കാനാവുക എന്ന അഭിപ്രായമാണ് മുസാഫിറിനുള്ളത്.

കവിയായ നിരഞ്ജനും ഇതിന്റെ തുടർച്ചയായുള്ള ആലോചനകളാണ് പങ്കുവെക്കുന്നത്. “കഴിഞ്ഞ 25 വർഷമായി ഞാൻ കടലിൽ ജോലി ചെയ്യുന്നു. ഇത് ഒരുതരം അർദ്ധ പ്രവാസമാണ്. 25 വർഷത്തിനിടയിൽ പതിനൊന്നര വർഷക്കാലം കടലിൽ കപ്പലിൽ ചെലവഴിച്ചിരുന്നു. ഈ പ്രവാസ ജീവിതത്തെ അടയാളപ്പെടുത്തുന്ന കവിതകൾ വളരെ കുറവാണ്. കടൽ എന്ന വാക്ക് തന്നെ കുറവാണ്. പ്രവാസി ജീവിതം തുടങ്ങുമ്പോൾ നമ്മൾ കൂടെക്കൊണ്ടുപോകുന്ന ചില സംഗതികൾ അതായത് ഒരു ദേശം, നമ്മുടെ അനുഭവ പരിസരം, അതിൽത്തന്നെയും നമ്മുടെ രാഷ്ട്രീയ നിലപാടുകൾ,പ്രണയം,

ഇതൊക്കെ നമ്മെ അടയാളപ്പെടുത്തുന്നവയാണ്. നമ്മൾ നമ്മുടെ കാലത്തെ കൊണ്ടു പോകുന്നു. നമ്മൾ സ്വയം അടയാളപ്പെടുത്തുന്ന ഒരു കാലം; അത് കേവലം ഗൃഹാതുരത്വമാർന്ന ഒന്ന് മാത്രമല്ല. സൗഹൃദങ്ങളിൽപ്പോലും ഈ കാലം കടന്നു വരുന്നുണ്ട്. നമ്മെ അടയാളപ്പെടുത്താൻ നാം ഉപയോഗിക്കുന്ന, നാം തന്നെ കണ്ടെത്തുന്ന ഒരു കാലം ഉണ്ടായിരിക്കും. 1980കൾ അത്തരത്തിലാണ് എന്നെ സംബന്ധിച്ചിടത്തോളം അനുഭവപ്പെട്ടിട്ടുള്ളത്.ആ ഒരു കാലത്തിൽ നിന്നുകൊണ്ടാണ് ഞാൻ ആ25 വർഷത്തെനോക്കിക്കാണുന്നത്. കരയിൽ നിന്നു കാണുന്ന കടലല്ല കടലിൽ നിന്നു കാണുന്ന കടൽ. കടലിൽ നിന്നു കാണുന്ന കരയ്ക്കും ഈ വ്യത്യാസമുണ്ട്. പുറമേ നിന്നുള്ള നോട്ടം വളരെ പ്രധാനമാണ്. നമ്മൾ കൊണ്ടുപോകുന്ന ഈ പ്രദേശത്തെ അഭിസംബോധന ചെയ്തുകൊണ്ടാണ് പ്രവാസികളായ എല്ലാ എഴുത്തുകാരും എഴുതുന്നത്. താൻ കൂടെ കൊണ്ടുപോകുന്ന ഒരു കാലം പശ്ചാത്തലമാക്കിക്കൊണ്ട് അവന്റെ അനുഭവപരിസരത്തിൽ നിറഞ്ഞുനിൽക്കുന്ന ഒരു ഭൂഖണ്ഡത്തെയാണ് അവൻ അഭിസംബോധന ചെയ്യുന്നത്. ഈ പുതുക്കലിലും പുതുക്കപ്പെടാതെ പോകുന്നത് അടയാളപ്പെടുത്തിയ കാലമാണ്. പുറമേ നിന്ന് ഈ പ്രദേശത്തെ ഭാഷയെ നോക്കിക്കാണുമ്പോൾ ചില സവിശേഷതകൾ ഉണ്ട്. അതു തന്നെയാണ് പ്രവാസി ജീവിതം മലയാള ഭാഷക്കു നൽകുന്ന സംഭാവന. പ്രവാസികളെപ്പറ്റി മറ്റുള്ളവർ എഴുതിയ കൃതികളും ഉണ്ടായിട്ടുണ്ട്. കുരീപ്പുഴ ശ്രീകുമാറിന്റെ കവിതയിൽ ഖുബ്ബൂസ് പോലുള്ള ചന്ദ്രികയെപ്പറ്റിപറയുന്നുണ്ട്. ഗൾഫിലുള്ള മലയാളിക്കൊരിക്കലും ഖുബ്ബൂസ് ചന്ദ്രികയാവില്ല. സഞ്ചാരികളെപ്പോലെയുള്ളവർ പ്രവാസി ജീവിതത്തെ ഉൾക്കൊള്ളാൻ ശ്രമിച്ചു കൊണ്ട് പ്രവാസികളെക്കുറിച്ചെഴുതാനുള്ള ഉത്തരവാദിത്തം കാണിക്കണം. ഒരു പ്രവാസിയുടെ അനുഭവ പരിസരത്തിന്റെ ഏഴയലത്തുപോലും ആ എഴുത്തുകൾ വരണമെന്നില്ല. ചുരുക്കത്തിൽ പ്രവാസിജീവിതത്തിന്റെ പരിപൂർണ്ണതയെക്കാണിക്കുന്ന കവിതകൾ ഇല്ലെന്നു തന്നെ പറയാം.നിശ്ചലമായ ഒരു കാലത്തെ വച്ചുകൊണ്ട് നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്ന കാഴ്ചകളിലൂടെ വായിച്ചെടുക്കുന്ന ഒരു ഭാഷയേയും

പ്രദേശത്തെയും അഭിസംബോധന ചെയ്ത് എഴുതുന്ന എന്നതാണ് പ്രവാസ കവിതയുടെ സവിശേഷത." എന്ന് നിരഞ്ജൻ പറഞ്ഞു വെക്കുന്നു.

പ്രവാസലോകത്തുനിന്നല്ലാത്ത എഴുത്തുകാരനെന്ന നിലയിൽ വി.മോഹനകൃഷ്ണൻ പ്രവാസി എഴുത്തിനെക്കുറിച്ച് ഒരു വിഭിന്ന വീക്ഷണമാണ് പങ്കുവെക്കുന്നത്. "പ്രവാസാനുഭവമെന്നു നമ്മൾ പറയുന്ന അവസ്ഥ പാലസ്തീൻ പലായനക്കാരെ വച്ചു നോക്കുമ്പോൾ അത്ര തന്നെ തീവ്രമല്ല.നമ്മുടെ പ്രവാസാനുഭവങ്ങളെപ്പോഴും ഗൾഫ് നാട്ടുകളിലേക്ക് ജോലി തേടിപ്പോകുന്ന, ഒരു വർഷമോ രണ്ട് വർഷമോ കഴിഞ്ഞ്തിരിച്ചു വരുന്നവരുടെ പ്രശ്നങ്ങളാണ്."

"കുടിയേറ്റം എന്ന അനുഭവമാണ് കേരളത്തിനകത്ത് പ്രവാസമായി പറായാവുന്നത് .മധ്യതിരുവിതാംകൂറിൽ നിന്നും വയനാട്ടിലേക്ക് കുടിയേറിയവരും അനുഭവിക്കുന്നത് പ്രവാസം തന്നെയാണ്. ഒരുമൂട്ട കപ്പയും അവശ്യത്തിനുള്ള തുണിയും മാത്രമായി വയനാട്ടിലേക്ക് കുടിയേറിയവർ അനുഭവിച്ചതിന്റെ വളരെ കുറച്ചുമാത്രമാണ് വിദേശത്തു പോകുന്നവർ അനുഭവിക്കുന്നത്. ജീവിതത്തിൽ മറ്റൊരു ഗതിയില്ലാതെ വഴിമുട്ടി നിൽക്കുന്ന ഒരു സന്ദർഭമാണ് വയനാട്ടിലേക്ക് കുടിയേറിയവർ അഭിമുഖീകരിച്ചത്. ഈ കുടിയേറ്റക്കാരിൽ നിന്നും ഒരിക്കലും സാഹിത്യമോ കവിതയോ ഉണ്ടായില്ല. എസ്.കെ. പൊറ്റക്കാടിന്റെ ഒരു നോവലിൽ പറയുന്നുണ്ട്, ദരിദ്രനാരായണന്മാരായ അവർക്ക് എഴുത്തിനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും കവിതയെക്കുറിച്ചുമൊന്നും ചിന്തിക്കാൻ നേരമുണ്ടായിരുന്നില്ല. ഇതിനു സമാനമാണ് ആദ്യകാലത്ത് ഗൾഫ് പ്രവാസികൾ അനുഭവിച്ചിരുന്നത്. 1970ന്റെ തുടക്കത്തിൽ കടലിൽ ചാടി നീന്തിപ്പോയവർ കൊടിയ ദുരിതങ്ങൾ അനുഭവിച്ചിരുന്നു. പിന്നീട് വന്ന വിദ്യാഭ്യാസം നേടിയ തലമുറ ഗൾഫ് ജീവിതത്തിന്റെ സാധ്യതകൾ മനസ്സിലാക്കി അങ്ങോട്ടു ചേക്കേറുകയും അവരുടെ എഴുത്തിൽ പ്രവാസജീവിതം കടന്നുവരുകയും ചെയ്യുന്നു. സമകാലിക ജീവിതം ഏറ്റവും വിശദമായി ആവിഷ്കരിച്ചിരിക്കുന്നത് സിനിമയിലാണ്. കവിതയേക്കാൾ നന്നായി പ്രവാസം ആവിഷ്കരിക്കപ്പെട്ടത് ബെന്യാമിന്റെ ആടുജീവിതത്തിലാണ്.

ഗൾഫിലെ പ്രവാസ അനുഭവം എന്നത് വീടിനെയും വീട്ടുകാരെയും കുറിച്ചുള്ള ഓർമ്മകളാണ്.പ്രവാസജീവിതത്തെ കുറിച്ച് കവിതകളോ സിനിമകളൊ വരുന്നതിനു മുന്പ് കത്തുകൾ കത്തുപാട്ടുകൾ എന്നിവ പ്രചാരത്തിൽ വന്നിരുന്നു. ഇവ ഗൾഫ് അനുഭവങ്ങളുടെ സാഹിത്യരൂപം തന്നെയാണ്.

കേരളത്തിലെ സാമൂഹിക സാംസ്കാരിക സാഹിത്യ സംഭവങ്ങളുടെ പ്രതിഫലനം പ്രവാസി കവികളിലും കാണാം.60 കളിലും 70കളിലും സംഘർഷഭരിതമായിരുന്ന കേരളത്തിലെ പുത്തൻ കവിതകളിൽ അത് ഏറെ ഇടപെടുന്നുണ്ട്. 80കളിൽ അത് സാമൂഹിക വിമർശനത്തെ കൂടുതൽ ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുന്നു. ഈ ഒരു കാര്യത്തിന് കേരളത്തിന്റെ പുറത്ത് നിന്ന് എഴുതിയവരും ഭാഗമാവുകയുണ്ടായി.

ഭാഷാപരമായി പുതിയ ഇടപെടൽ നടക്കുമ്പോൾ തന്നെ ഒരു നിസ്സംഗത കവിതയിൽ കാണാം. കഴിഞ്ഞ 25 കൊല്ലത്തെ കേരളം ഉദാസീനമെന്നോ നിസ്സംഗം എന്നോ പറയാവുന്ന രീതിയിലാണ്.പ്രവാസികളുടെ എഴുത്തിലും ഇതേ രീതി തന്നെയാണ് നിലനിൽക്കുന്നത്.” എന്ന അഭിപ്രായമാണ് അദ്ദേഹം പങ്കുവെക്കുന്നത്.

**ഉപരിചർച്ച**

പ്രവാസാനുഭവത്തിന്റെ കാവ്യാവിഷ്കാരത്തിൽ 'ആരാണ്' എഴുതുന്നത്' എന്ന ചോദ്യത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. പ്രവാസിയുടെ ആത്മനിഷ്ഠമായ അനുഭവവും പ്രവാസിയല്ലാത്തവരുടെ നിരീക്ഷണങ്ങളും തമ്മിലുള്ള അന്തരം പ്രവാസ കവിതയുടെ ആധികാരികതയെ നിർണ്ണയിക്കുന്നുണ്ട്. കവിയായ നിരഞ്ജന്റെ വാദങ്ങൾ ഈ വിഷയത്തിന്റെ കാതലിലേക്ക് വിരൽചൂണ്ടുന്നു.

ഗൾഫ് പ്രവാസത്തെ, മധ്യതിരുവിതാംകൂറിൽ നിന്ന് വയനാട്ടിലേക്കുണ്ടായ ആഭ്യന്തര കുടിയേറ്റവുമായും പലസ്തീൻകാരുടെ രാഷ്ട്രീയ പലായനവുമായും വി. മോഹനകൃഷ്ണൻ നടത്തുന്ന താരതമ്യ വിശകലനത്തിലൂടെ പ്രവാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൂടുതൽ സങ്കീർണ്ണമാകുന്നുണ്ട്. സാഹിത്യത്തിന്റെ ഉത്പാദനം എന്നത് കേവലം

'അനുഭവത്തിന്റെ തീവ്രത'യെ മാത്രം ആശ്രയിച്ചല്ല നിലനിൽക്കുന്നത് എന്നതാണ്. മറിച്ച്, ആ അനുഭവം ആവിഷ്കരിക്കാൻ ആവശ്യമായ 'സാമൂഹിക-വിദ്യാഭ്യാസ മൂലധനവും' 'കർത്തൃത്വവും' (agency) ഒരുപോലെ പ്രധാനമാണ്. ആദ്യകാല ഗൾഫ് പ്രവാസികളും സമാനമായ അവസ്ഥയിലായിരുന്നെങ്കിലും, പിന്നീട് വന്ന വിദ്യാസമ്പന്നരായ തലമുറയ്ക്ക് അനുഭവങ്ങളെ സാഹിത്യമാക്കി മാറ്റാനുള്ള ഭാഷയും സാംസ്കാരിക ഉപകരണങ്ങളും നവമാധ്യമങ്ങളുടെ സാധ്യതകളും ലഭ്യമായിരുന്നു. അനുഭവം മാത്രം ഒരു സാഹിത്യ ഭൂഖണ്ഡം സൃഷ്ടിക്കുന്നില്ല; ആ അനുഭവത്തെ ആവിഷ്കരിക്കാനും വിശകലനം ചെയ്യാനും വിതരണം ചെയ്യാനുമുള്ള ശേഷി കൂടി ചേരുമ്പോഴാണ് അത് സാഹിത്യമായി പരിണമിക്കുന്നത്. 90കൾക്കുശേഷമുള്ള ഗൾഫ് പ്രവാസം ഈ ഘടകങ്ങൾ ഒത്തുചേർന്ന ഒരു സവിശേഷ ചരിത്ര സന്ദർഭമായിരുന്നു എന്നു പറയാം.

നഴ്സുമാരായും അധ്യാപികമാരായും വിദേശ രാജ്യങ്ങളിലെത്തിയ സ്ത്രീകളുടെ അനുഭവങ്ങൾ പുരുഷന്മാരുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നു. അവർക്ക് തൊഴിലിടത്തിലെ പ്രശ്നങ്ങൾക്ക് പുറമെ, ലിംഗപരമായ വിവേചനങ്ങളും സാംസ്കാരികമായ ഒറ്റപ്പെടലുകളും നേരിടേണ്ടി വന്നു. ഈ പെൺപ്രവാസത്തിന്റെ അതിജീവന കഥ പറയുന്ന ധാരാളം ഫിക്ഷനുകളുണ്ടാവുന്നുണ്ടെങ്കിലും കവിതയിൽ സജീവമാണോ എന്ന ആലോചന പ്രസക്തമാണ്. പ്രത്യേകിച്ച് ഇത്തരം രചനകൾ സ്ത്രീ പ്രവാസത്തിന്റെ നിഷ്ക്രിയയായ ഇരയെന്ന നിലയ്ക്കല്ല, മറിച്ച് സങ്കീർണ്ണമായ സാഹചര്യങ്ങളെ അതിജീവിക്കുന്ന വ്യക്തി എന്ന നിലയ്ക്കാണ് പ്രതിനിധീകരിക്കപ്പെടുന്നത് എന്നതുകൊണ്ട് കവിതയിലും സ്ത്രീപ്രവാസാനുഭവങ്ങൾ കടന്നുവരേണ്ടതുണ്ട്.

അനുഭവപരം എന്ന നിലയിൽനിന്ന് അനുഭൂതിപരം എന്ന തലത്തിലെത്തുമ്പോഴാണ് കാവ്യഭാഷയെ തൊടുന്നത്. പുതിയകാല പ്രവാസകവിതകളിൽ സമൃദ്ധമായ ബിംബങ്ങളിലെ മാറ്റം കേവലം പശ്ചാത്തല വിവരണം മാത്രമല്ല, അത് പ്രവാസിയുടെ അന്യവൽക്കരിക്കപ്പെട്ടതും സാങ്കേതികവിദ്യയാൽ നിയന്ത്രിക്കപ്പെടുന്നതുമായ

ജീവിതത്തിന്റെ ആന്തരിക സംഘർഷങ്ങളെക്കൂടി ആവിഷ്കരിക്കുന്നതാണ്. ഇതുവഴി മലയാള കവിതയ്ക്ക് ലഭിച്ച അനുഭവത്തിന്റെ പുതിയ ഭൂഖണ്ഡമായി പ്രവാസകവിത മാറുന്നുമുണ്ട്.

ആശയവിനിമയത്തിനുള്ള ഉപാധി എന്ന നിലയിൽ നിന്ന് മാറി, സ്വയം പൂർണ്ണമായ ഒരു കലാസൃഷ്ടി എന്ന നിലയിലേക്ക് പ്രവാസ കവിത ഇനിയും വളരേണ്ടതുണ്ട്. ഗൃഹാതുരത്വത്തിന്റെയും നഷ്ടബോധത്തിന്റെയും ആവർത്തനങ്ങളിൽ കുടുങ്ങിപ്പോകാതെ, പ്രവാസ ലോകത്തെ സങ്കീർണ്ണമായ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക യാഥാർത്ഥ്യങ്ങളെ കാവ്യാനുഭവമാക്കിത്തീർക്കുന്ന ഒരു കാലം വരാനിരിക്കുന്നു.

ആഗോളവൽക്കരണത്തിന്റെ അടുത്ത ഘട്ടത്തിൽ, 'പ്രവാസി സാഹിത്യം' എന്ന വേർതിരിവ് ക്രമേണ അപ്രസക്തമായേക്കാനുമിടയുണ്ട് . പകരം, മലയാള സാഹിത്യം സ്വാഭാവികമായും ഒരു 'ട്രാൻസ്നാഷണൽ' (transnational) സാഹിത്യമായി മാറാനാണ് സാധ്യത. അതായത്, ദേശി വിദേശി വേർത്തിരിവില്ലാത്ത, എല്ലാം ഇടകലർന്നിരിക്കുന്ന, എല്ലായിടത്തും വേരുകളുള്ള, അല്ലെങ്കിൽ ഒരിടത്തും പൂർണ്ണമായി വേരുകളില്ലാത്ത, സങ്കരമായ (hybrid) ഒരു സമൂഹവും ഭാഷയും സാഹിത്യവുമായിരിക്കാം നമ്മുടെ ഭാവി.

### റഫറൻസ്

കവിതയുടെ കാർണിവൽ ഒന്നാം പതിപ്പ് പ്രൊസീഡിങ്ങ്സ്

https://harisankarkalavoor.blogspot.com/2016/11/blog-post.html

Ghosh, Amitav. “The Diaspora in Indian Culture” from *The Imam and the Indian: Prose Pieces*, New Delhi: Ravi Dayal Publishers and Permanent Black, 2002.

Saha, Amit Shankar. ‘Perspective: Exile Literature and the Diasporic Indian Writer’ Rupkatha Journal, Volume 1, Number 2, 2009

Rushdie, Salman. “Imaginary Homelands” from *Imaginary Homelands: Essays and Criticism 1981 - 1991*, London: Granta Books, 1991.